**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 638** **10-02-2025 - ൽ മറുപടിയ്ക്ക്**

**കയർ ഉൽപ്പാദന മേഖലയിലെ പ്രതിസന്ധിക്ക് പരിഹാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ. പി. രാജീവ്**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ കയർ ഉൽപ്പാദന മേഖലയിലെ പ്രതിസന്ധിയ്ക്ക് പരിഹാരം കാണുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; ഇതു സംബന്ധിച്ച് എന്തൊക്കെ പഠനങ്ങളാണ് പ്രസ്തുത മേഖലയിൽ നടത്തിയിട്ടുള്ളതെന്ന് വിശദമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തെ കയർ ഉൽപ്പാദന മേഖലയിലെ പ്രതിസന്ധി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>വിപണി മൂല്യമുള്ള ഉൽപ്പന്നങ്ങൾ നവീന ഡിസൈനുകളിൽ നിർമ്മിച്ചെടുക്കുന്നതിന് പരമ്പരാഗത തൊഴിലാളികളെ പ്രാപ്തമാക്കും വിധം നൈപുണ്യ വികസന പരിശീലന പരിപാടികൾ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ, ഭോപാലിന്റെ സഹകരണത്തോടെ കയർ കോർപറേഷൻ നടപ്പിലാക്കിയിട്ടുണ്ട്.<br><br>കയർ മേഖല നേരിടുന്ന പ്രതിസന്ധികൾ അതിജീവിച്ച് കയർ മേഖലയെ പുനരുജ്ജീവിപ്പിക്കുവാൻ ഈ സർക്കാർ സമഗ്ര പദ്ധതികൾ ആവിഷ്കരിച്ച് വരുന്നുണ്ട്. അതിന്റെ ഭാഗമായി നടപ്പ് സാമ്പത്തിക വർഷം കയർ മേഖലയിൽ ആകെ 57 കോടി രൂപ നാളിതുവരെ ചെലവഴിച്ചിട്ടുണ്ട്. പരമ്പരാഗത തൊഴിലാളികൾക്ക് വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം 7.33 കോടി രൂപയുടെ സാമ്പത്തിക സഹായം കൂലിയിനത്തിൽ വിതരണം ചെയ്തു. അടുത്ത ഗഡുവായി തൊഴിലാളികൾക്ക് അർഹമായ തുക അനുവദിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.<br><br>പ്രവർത്തന മൂലധനം നൽകി സംഘങ്ങളുടെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിനും കൂടുതൽ തൊഴിൽ നൽകുന്നതിനും പ്രവർത്തന മൂലധനത്തിൽ പ്രാഥമിക കയർ സംഘങ്ങൾക്ക് 4.14 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.<br><br>കയർ സംഘങ്ങളിലെ ജീവനക്കാർക്കുള്ള മാനേജീരിയൽ സബ്സിഡി ഇനത്തിൽ അർഹതയുള്ള കയർ സംഘങ്ങൾക്ക് 1.24 കോടി രൂപ അനുവദിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പി.എം.ഐ (പ്രൊഡക്ഷൻ & മാർക്കറ്റിംഗ് ഇൻസെന്റീവ്) ഇനത്തിൽ 6.4 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.<br><br>നടപ്പ് സാമ്പത്തിക വർഷം എം.ഡി.എ (മാർക്കറ്റ് ഡെവലപ്മെന്റ് അസിസ്റ്റൻസ്) ഇനത്തിൽ സംസ്ഥാന സർക്കാർ വിഹിതമായ 10 കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്.<br><br>കയർ സഹകരണ സംഘങ്ങളുടെ കെ.എസ്.ഇ.ബി. കുടിശിക തീർപ്പാക്കൽ, വൈദ്യുതി സബ്സിഡി എന്നീ പദ്ധതികൾ നടപ്പാക്കിവരുന്നു.<br><br>കയർമേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി ആവശ്യമായ സാമ്പത്തിക സഹായം ഈ സർക്കാർ നൽകി വരുന്നു.<br><br>കയർ മേഖലയിലെ പ്രശ്നങ്ങൾ പഠിക്കുന്നതിനായി 26/08/2022 ലെ സ.ഉ.(സാധാ)നം. 930/2022/ID പ്രകാരം ഒരു വിദഗ്ധ സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി സർക്കാരിൽ ഇടക്കാല റിപ്പോർട്ട് സമർപ്പിക്കുകയും ആയതിന്മേൽ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. |
| (ബി) | അസംസ്കൃത വസ്തുക്കളുടെ വില വർദ്ധനയും ചകിരി, കയർ എന്നിവയുടെ ലഭ്യതക്കുറവും പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | എ.എസ്.എം (ഓട്ടോമാറ്റിക് സ്പിന്നിംഗ് മെഷിൻ) കളുടെ ഉത്പാദന ക്ഷമത വർദ്ധിപ്പിക്കുവാനും യഥാസമയം അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും കേരള സ്റ്റേറ്റ് കയർ മെഷിനറി മാനുഫാക്ചറിംഗ് കമ്പനി വഴി എ.എം.സി (ആന്വൽ മെയിന്റനൻസ് കോൺട്രാക്ട്) നടപ്പാക്കി വരുന്നു. ഓരോ പ്രൊജക്ടിലും ഒരു ഡീഫൈബറിംഗ് യൂണിറ്റ് വീതം തെരഞ്ഞെടുത്ത് നവീകരണം നടത്തി ഗുണമേന്മയുള്ള ചകിരി ഉല്പാദിപ്പിക്കുന്നതിന് പൈലറ്റ് പ്രോജക്ട് നടപ്പിലാക്കുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു .<br><br>കേരളത്തിലെ പ്രവർത്തനക്ഷമമായതും അല്ലാത്തതുമായ ഡീഫൈബറിംഗ് സംഘങ്ങൾ, കയർപിരി മേഖലയിലുള്ള സംഘങ്ങൾ, മാറ്റ്സ് & മാറ്റിംഗ്സ് സംഘങ്ങൾ എന്നിവയെ പ്രത്യേകം പ്രത്യേകം വിഭാഗങ്ങളിൽപ്പെടുത്തി അടുത്ത 2 വർഷത്തേക്ക് സാമ്പത്തിക സാങ്കേതിക സഹായങ്ങൾ നൽകി കൂടുതൽ ചകിരി, കയർ, കയറുൽപ്പന്നങ്ങൾ നിർമ്മിച്ച് ലാഭകരമാക്കി മാറ്റുന്നതിനു അർഹത അനുസരിച്ചുള്ള പ്രവർത്തന മൂലധനം നൽകുന്നതിലേക്കായി 15 കോടി രൂപയുടെ പദ്ധതിക്ക് സ.ഉ.(സാധാ)നം.700/2024/വ്യവ |

| | | | |
|---|---|---|---|
| | | | തീയതി: 06.08.2024 പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.സ.ഉ.(സാധാ)നം.50/2025/വ്യവ തീയതി: 18/01/2025 സർക്കാർ ഉത്തരവ് പ്രകാരം കയർവില പുനർനിർണ്ണയിക്കുന്നതിനുള്ള സംസ്ഥാന സമിതി പുനസംഘടിപ്പിച്ചു കൊണ്ട് ഉത്തരവായിട്ടുണ്ട്. |
| (സി) | ഗ്രീവൻസ് കമ്മിറ്റി യോഗം ചേർന്ന് കയറുല്പന്നങ്ങളുടെ വില പുതുക്കി നിശ്ചയിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ; | (സി) | ഗ്രീവൻസ് കമ്മിറ്റി യോഗം ചേർന്ന് കയറുൽപ്പന്നങ്ങളുടെ വില പുതുക്കി നിശ്ചയിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| (ഡി) | കയറ്റുമതി സ്ഥാപനങ്ങൾ കയർ കോർപ്പറേഷന് ഓർഡറുകൾ നൽകുന്നതിന് വൈമുഖ്യം കാണിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ; | (ഡി) | ഉണ്ട്. നിലവിൽ പരമ്പരാഗത ഉല്പന്നങ്ങൾക്ക് മാർക്കറ്റിൽ ഡിമാന്റ് കുറവായതിനാലും വിലക്കുറവുള്ള യന്ത്രനിർമിത ഉൽപ്പന്നങ്ങളുടെ ലഭ്യതയും കയറ്റുമതിക്കാർ കോർപ്പറേഷന് നേരിട്ട് ഓർഡർ നൽകുന്നതിൽ വിമുഖത കാണിക്കുന്നതിന് ഒരു പ്രധാന കാരണമാണ്.<br><br>കയർ കോർപ്പറേഷൻ സർക്കാർ നേതൃത്വത്തിൽ നടപ്പിലാക്കി വരുന്ന ക്രയവില സ്ഥിരതാ പദ്ധതിയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കയറ്റുമതി സ്ഥാപനങ്ങൾ, കയർ കോർപ്പറേഷന് ഓർഡറുകൾ നൽകി വരുന്നുണ്ട്. കയർ കോർപ്പറേഷൻ നിരന്തരമായി കയറ്റുമതി സ്ഥാപനങ്ങളെ ഓർഡറുകൾക്ക് വേണ്ടി സമീപിക്കുകയും യോഗങ്ങൾ വിളിച്ചു ചേർക്കുകയും ചെയ്തു വരുന്നുണ്ട്. |
| (ഇ) | കയർ സഹകരണ സംഘങ്ങളിൽ നിന്നും ചെറുകിട മേഖലയിൽ നിന്നും കയർ ഉല്പന്നങ്ങൾ സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിന് വേണ്ട നടപടി സ്വീകരിക്കുമോ; കയറുല്പന്ന മേഖലയിലെ ഡിപ്പോ സമ്പ്രദായം അവസാനിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇല്ലായെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ? | (ഇ) | കയർ സഹകരണ സംഘങ്ങളിൽ നിന്നും ചെറുകിട മേഖലയിൽ നിന്നും കയർ ഉല്പന്നങ്ങൾ സംഭരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കയർ കോർപ്പറേഷൻ 2024-2025 കാലയളവിൽ നാളിതുവരെ 97.01 കോടി രൂപയുടെ കയർ ഉല്പന്നങ്ങൾ സംഘങ്ങളിൽ നിന്നും സംഭരിച്ചിട്ടുണ്ട്.<br><br>ക്രയവില സ്ഥിരതാ പദ്ധതി സർക്കാർ നടപ്പിലാക്കിയതു മൂലം കയറുല്പന്ന മേഖലയിലെ ഡിപ്പോ സമ്പ്രദായം ഇല്ലാതായിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ